ടി.കെ ആലുവ

തയാറാക്കിയത്: റഷാദ് ആലുവ

# തായിക്കാട്ടുകര ഇസ്‌ലാമിക് എജ്യൂക്കേഷൻ ട്രസ്റ്റ്




ജമാഅത്തെ ഇസ്‌ലാമി എറണാകുളം ജില്ലാ സമ്മേളന വേദിയിൽ മുൻനിരയിൽ വലത്തേ അറ്റത്ത് ടി.കെ ആലുവ

**1970കളിൽ** തന്നെ തായിക്കാട്ടുകരയിൽ ഒരു എജ്യൂക്കേഷൻ ട്രസ്റ്റ് രൂപവത്കരിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടന്നിരുന്നു. അന്ന് സാമ്പത്തികവും മറ്റുമായ പ്രതിസന്ധികൾ കാരണം ആ ചർച്ച മാറ്റിവെക്കുകയാണുണ്ടായത്. എന്നാൽ ഈ വികാരം മനസ്സിലേറ്റി നടന്ന കെ.കെ കുട്ടി സാഹിബ്, കെ.കെ അബ്ദുൽഖാദിർ (അന്തുലൂക്ക), കെ.ബി ഹൈദ്രോസ്, അലിയാർ എന്നിവരോടും ഈ വിഷയം സംസാരിച്ചു. അന്ന് ഞാൻ തടിയുടെ ബിസിനസുമായി തിരൂരിലെ ഒരു തടിമില്ലിലാണ് ജോലി ചെയ്യുന്നത്. അവരുടെ തീരുമാനം കത്ത് മുഖേന എന്നെ അറിയിച്ചു. സസന്തോഷം ആ തീരുമാനം ശരിവെക്കുകയും എജ്യുക്കേഷൻ ട്രസ്റ്റ് യഥാർഥ്യമാക്കുന്നതിനായി ഉടൻ നാട്ടിലേക്ക് തിരിക്കുകയും ചെയ്തു.

അടുത്ത അധ്യയന വർഷത്തിൽ തന്നെ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ട്രസ്റ്റിന്റെ പേരിൽ സ്ഥലം വാങ്ങി ഷെഡ്ഡുകെട്ടി വരുമ്പോൾ സമയം വൈകുമെന്നതിനാൽ സ്വന്തം വീട്ടുമുറ്റത്തുതന്നെ ഒരു ഷെഡ്ഡ് കെട്ടി സ്കൂൾ ആരംഭിക്കുകയായിരുന്നു. 1974ൽ ആദ്യ അഡ്മിഷനിൽ തന്നെ 47 കുട്ടികൾ സ്കൂളിൽ ചേർന്നു. അവരിൽനിന്ന് അഞ്ച് രൂപ ഫീസും രണ്ടു രൂപ അഡ്മിഷൻ ഫീയും ഈടാക്കി. ആ കാശുകൊണ്ട് എഫ്.ഐ.ടി യിൽ പോയി തടി

യെടുത്ത് അറുത്ത് കൊണ്ടുവന്നു. ഇല്ലി വെട്ടി അതിൽനിന്ന് മുള ചെത്തിയെടുത്ത് ഷെഡ്ഡ് നിർമിച്ചു. മുകളിൽ ഓല മേഞ്ഞ് ക്ലാസ് തുടങ്ങി. സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ചത് സ്റ്റാന്റേർഡ് സ്കൂളിലെ അറബി മുൻഷിയായിരുന്ന സി.കെ സെയ്തുമുഹമ്മദ് സാഹിബാണ്. പത്തര മാസത്തോളം ഷെഡ്ഡിൽ ക്ലാസ് നടത്തി. സ്ഥലപരിമിതി മൂലം തായിക്കാട്ടുകരയിലുള്ള ബീരാവുണ്ണിക്കായുടെ വീടിനു മുന്നിലുള്ള സ്ഥലം പത്തു രൂപ മാസവാടകക്ക് വാങ്ങുകയും അവിടെ രണ്ട് ക്ലാസ് റൂമുകൾ കെട്ടി ക്ലാസ് തുടങ്ങുകയും ചെയ്തു. രണ്ട് വർഷത്തോളം അവിടെ ക്ലാസുകൾ നടന്നു.

ട്രസ്റ്റിനു വേണ്ടി സ്ഥലം വാങ്ങുന്നതിനായി അരനറുക്കിന്റെ ചിട്ടി ചേർന്നിരുന്നു. ആ ചിട്ടിയിൽനിന്ന് ലഭിച്ച കാശുകൊണ്ട് ഇന്ന് സ്ഥാപനം നിൽക്കുന്ന 18 സെന്റ് സ്ഥലം സെന്റിന് 200 രൂപ നിരക്കിൽ വാങ്ങി. അവിടെ ഷെഡ്ഡ് കെട്ടി ക്ലാസുകൾ അങ്ങോട്ട് മാറ്റി.

1977ൽ ഏപ്രിൽ 13ന് ഇസ്‌ലാമിക് എജ്യുക്കേഷൻ ട്രസ്റ്റ് 18 സെന്റ് സ്ഥലം മൂലധനമായി രജിസ്റ്റർ ചെയ്തു. ട്രസ്റ്റ് ചെയർമാനായി കെ.കെ കുട്ടി സാഹിബിനെയും വൈസ് ചെയർമാനായി കെ.എം.എ റഹീം സാഹിബിനെയും സെക്രട്ടറിയായി എന്നെയും ജനറൽ സെക്രട്ടറിയായി കെ.എം.എ ഖാദറിനെയും ട്രഷററായി കെ.ബി ഹൈദ്രോസ് സാഹിബിനെയും തെരഞ്ഞെടുത്തു.

1978 ഡിസംബർ 20ന് ചേർന്ന ട്രസ്റ്റ് മീറ്റിംഗിലാണ് പിരിഞ്ഞു കിട്ടിയ 52561 രൂപ ഉപയോഗിച്ച് നിലവിലെ ഓലഷെഡ്ഡ് പൊളിച്ചു മാറ്റി അവിടെ സ്കൂൾ കെട്ടിടം പണിയാൻ തീരുമാനിക്കുന്നത്. പിന്നീട് ആ ട്രസ്റ്റിന് കീഴിൽ തുടങ്ങിയ സംരംഭങ്ങളാണ് മദ്റസ, പ്രതീക്ഷ ട്യൂഷൻ സെന്റർ, മോഡൽ ഓർഫനേജ്, അറഫാ മസ്ജിദ് തുടങ്ങിയവ.

## മൗലാനാ മൗദൂദിയുടെ നിര്യാണം

1979 സെപ്റ്റംബർ 22ന് ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദി അന്തരിച്ചു. അന്ന് ഞാൻ ദൽഹിയിലെ ജമാഅത്ത് കേന്ദ്രത്തിൽ എത്തിയ സന്ദർഭത്തിലാണ് മരണവാർത്ത അറിയുന്നത്. അന്നേരം ജമാഅത്തിന്റെ കേന്ദ്ര മജ്‌ലിസ് ശൂറാ നടന്നു കൊണ്ടിരിക്കുകയാണ്. അടുത്ത ദിവസം അമീർ മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബിന്റെ നേതൃത്വത്തിൽ ഞങ്ങൾ 60ൽ പരം ആളുകൾ വാഗാ അതിർത്തിയിലൂടെ ബസ്സിൽ പാകിസ്താനിലേക്ക് പുറപ്പെട്ടു. അവിടെ മൗദൂദിയുടെ മയ്യിത്ത് സംസ്കരണച്ചടങ്ങിൽ പങ്കെടുക്കുകയും അദ്ദേഹത്തിന്റെ കുടുംബത്തെയും പാക് ജമാഅത്ത് നേതാക്കളെയും കണ്ട് അനുശോചനം അറിയിക്കുകയും ചെയ്തു.

മൗദൂദിയുടെ വിയോഗം ജമാഅത്തിന് നികത്താനാകാത്ത നഷ്ടമാണെന്ന് പറയേണ്ടതില്ല. ഇന്ത്യാ വിഭജനശേഷം പാകിസ്താനിലേക്ക് പോയ മൗലാനാ മൗദൂദിക്ക് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുമായി സംഘടനാപരമായ ബന്ധമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ചിന്തകൾ ലോകത്തിലെ മറ്റേത് ഇസ്‌ലാമിക സംഘടനക്കുമെന്ന പോലെ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്കും വെളിച്ചം നൽകിപ്പോന്നു. വിഭജനത്തിനുശേഷം മൗദൂദി ഒരിക്കലും ഇന്ത്യ സന്ദർശിച്ചിട്ടില്ല. 1974ൽ ദൽഹിയിൽ സംഘടിപ്പിക്കപ്പെട്ട ജമാഅത്തിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ പാകിസ്താൻ ഗവൺമെന്റ് അനുവാദം നൽകാതിരുന്നതിനാൽ അദ്ദേഹത്തിന് വരാൻ സാധിച്ചില്ല.

## ഹൈദരാബാദ് അഖിലേന്ത്യാ സമ്മേളനം (1981)

1981 ഫെബ്രുവരി 20, 21, 22 തീയതികളിൽ ഹൈദരാബാദിൽ സംഘടിപ്പിച്ച അഖിലേന്ത്യാ സമ്മേളനത്തിലേക്ക് കേരളത്തിൽനിന്നുള്ള ഒരു സംഘത്തിന്റെ യാത്രാ അമീറായിരുന്നു ഞാൻ. ട്രെയ്നിലായിരുന്നു യാത്ര. കോഴിക്കോട്ടുനിന്ന് ഒരു ബോഗി നിറയെ പ്രവർത്തകരുമായാണ് സമ്മേളനത്തിന് പുറപ്പെട്ടത്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നായി 6000 പ്രതിനിധികളും രണ്ട് ലക്ഷത്തിലധികം പൊതുജനങ്ങളും സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. പത്രമാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെയാണ് സമ്മേളനം കവർ ചെയ്തത്. രാജ്യത്തെ പ്രാദേശിക ഭാഷകളിൽ ഖുർആൻ പരിഭാഷകൾ തയാറാക്കാനുള്ള പദ്ധതിയുടെ ഭാഗമായി 12 ഭാഷകളിലുള്ള ഖുർആൻ പരിഭാഷകൾ സമ്മേളനത്തിൽ പ്രകാശനം ചെയ്യപ്പെട്ടത് എടുത്തുപറയേണ്ട നേട്ടമാണ്.

വിവിധ രാജ്യങ്ങളിൽനിന്നായി ഇരുപതോളം വിദേശപ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിച്ചു. ഇറാൻ ഇസ്‌ലാ



കെ.കെ കുട്ടി സാഹിബ്

മിക് റിപ്പബ്ലിക്കിന്റെ പ്രസിഡന്റും ആയത്തുല്ല ഖുമൈനിയുടെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമിയുമായിത്തീർന്ന ആയത്തുല്ല ഖാംനാഇയുടെയും സൈനബുൽ ഗസ്സാലിയുടെയും സാന്നിധ്യം സമ്മേളനത്തിലെ അവിസ്മരണീയ അനുഭവങ്ങളായിരുന്നു.

## മന്നം ഇസ്‌ലാമിയാ കോളേജ്

1978 അവസാനത്തിൽ ചെറായി പള്ളി അങ്കണത്തിൽ പറവൂർ ഫർഖാ സമ്മേളനം നടന്നു. ആ സമ്മേളനത്തിലെ പ്രധാന ചർച്ചാവിഷയം പറവൂർ മേഖലയിൽ ഒരു പ്രസ്ഥാന കേന്ദ്രം സ്ഥാപിക്കുന്നതിനെക്കുറിച്ചായിരുന്നു. അല്ലാബഖ്ഷ് സാഹിബ് പറഞ്ഞു: "എന്റെ ജ്യേഷ്ഠൻ ഇബ്റാഹീമിന്റെ പേരിൽ മന്നത്ത് കുറച്ച് സ്ഥലമുണ്ട് (ഇന്ന് സ്ഥാപനം നിൽക്കുന്നതിന്റെ എതിർവശത്തുള്ള സ്ഥലം). ആ പ്രദേശത്താണെങ്കിൽ നമ്മുടെ പ്രവർത്തകരാരുമില്ല. അതിനാൽ ആരെങ്കിലും അവിടെ പോയി താമസിക്കാൻ തയാറാവുകയാണെങ്കിൽ അവിടെ നമുക്കൊരു സ്ഥാപനം പണിയാം." അതിന് സന്നദ്ധമാണോ എന്ന് ഓരോരുത്തരോടായി അഭിപ്രായം ചോദിച്ചു. ചോദിച്ചവരെല്ലാം ഓരോ കാരണം പറഞ്ഞ് പിന്മാറി. അവസാനം മാഞ്ഞാലിക്കാരനായ കെ.കെ ഇബ്റാഹീംകുട്ടിയുടെ ഊഴമെത്തി. അദ്ദേഹം പറഞ്ഞു: "എനിക്ക് സ്ഥാപനം ഉണ്ടാക്കാനൊന്നും കഴിയില്ല. അതിന്റെ വർക്കുകൾക്കായി എന്നെ ആവശ്യമുണ്ടെങ്കിൽ ഞാൻ തയാറാണ്" അദ്ദേഹം അത് ഏറ്റെടുത്തു. ശേഷം നടന്ന സംഭവങ്ങൾ ഇബ്റാഹീം കുട്ടി തന്നെ വിശദീകരിക്കട്ടെ:

''1979ന്റെ തുടക്കത്തിൽ തന്നെ ഞാനും ഭാര്യയും മൂന്നു കുട്ടികളും കൂടി ആ പറമ്പിൽ 350 സ്ക്വയർഫീറ്റ് വലിപ്പത്തിൽ ഒരു ഓല ഷെഡ്ഡ് കെട്ടി അങ്ങോട്ടു താമസം മാറ്റി. തൊട്ടടുത്ത വീട്ടിൽ താമസിച്ചിരുന്നത് അസാന്മാർഗിക പ്രവർത്ത

നങ്ങളിൽ ഏർപ്പെട്ടിരുന്ന ഒരു കുടുംബമാണ്. ഞങ്ങളെ അവിടെനിന്ന് ഒഴിപ്പിക്കാനായി അവർ പല നിലക്കും ശ്രമിച്ചു. ആദ്യം പ്രലോഭിപ്പിച്ചു നോക്കി. വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ ഭീഷണിപ്പെടുത്തി. ഭീഷണിയുടെ സ്വരം വർധിച്ചു വന്നപ്പോൾ ഒരു ദിവസം എന്റെ സുഹൃത്തിനെ അങ്ങോട്ടു പറഞ്ഞയച്ചു. അദ്ദേഹം ചെന്നിട്ട് ഞാൻ മാഞ്ഞാലിക്കാരനാണെന്നും വലിയ കുടുംബത്തിലെ അംഗമാണെന്നും മറ്റും പറഞ്ഞ് അവരെ ഭീഷണിപ്പെടുത്തി തിരിച്ചുപോന്നു. അതോടെ ആ ശല്യം തീർന്നു.

മറുഭാഗത്താണെങ്കിൽ ജമാഅത്തുകാരനാണെന്ന് പറഞ്ഞ് കല്ലേറും കൂക്കിവിളിയും. ആയിടക്കാണ് മന്നത്ത് മാടവന ഇബ്റാഹീം മുസ്‌ലിയാരുടെ വഅള് പരമ്പര സംഘടിപ്പിക്കുന്നത്. ഒരു ദിവസം അദ്ദേഹം പ്രസംഗത്തിൽ ഒരു ജമാഅത്തുകാരനെ കൊന്നാൽ രണ്ട് മൂർഖൻ പാമ്പിനെ കൊന്ന കൂലികിട്ടും എന്ന് പറഞ്ഞു കളഞ്ഞു. പ്രസംഗം കഴിഞ്ഞപാടെ ജനങ്ങളെല്ലാം തക്ബീർചൊല്ലി തീപ്പന്തവുമേന്തി ആ പ്രദേശത്തെ ഏക ജമാഅത്തുകാരനായിരുന്ന എന്റെ വീട്ടിലേക്ക് പുറപ്പെട്ടു. മരണം ഉറപ്പിച്ച്, ഭാര്യയോടും കുട്ടികളോടും ഒരു കാരണവശാലും പുറത്തേക്കിറങ്ങരുതെന്ന് പറഞ്ഞ് ഞാൻ അടുക്കളയിൽ കയറി ഒരു കത്തിയെടുത്ത് അരയിൽ തിരുകി പുറത്തിറങ്ങി. വീടിനടുത്തുള്ള കാട്ടിൽ പതുങ്ങിയിരുന്നു. അതിനിടക്ക് എന്റെ ഒരു പരിചയക്കാരൻ തീപ്പന്തവുമേന്തി തക്ബീർ ചൊല്ലി വരുന്ന ആ സംഘത്തിന്റെ മുന്നിൽ കയറി നിന്നിട്ട് ചോദിച്ചു: "നിങ്ങൾ എങ്ങോട്ടു പോവുകയാണ്?"

"ആ കാഫിറിനെ കൊല്ലാൻ."

"അവനെ കൊല്ലാനാണെങ്കിൽ ഈ നാട്ടുകാരാരും പോകരുത്."

"അതെന്താ?!"

"അവൻ മാഞ്ഞാലിക്കാരനാണ്. അവരെങ്ങാനും ഈ സംഭവമറിഞ്ഞാൽ നാളെ മുതൽ നിങ്ങൾക്കിവിടെ ജീവിക്കാൻ കഴിയില്ല. രാജ്യത്ത് നമുക്കിഷ്ടമില്ലാത്തവരെയെല്ലാം കൊല്ലാൻ നിന്നാൽ എന്തായിരിക്കും അവസ്ഥ? ഞാനേതായാലും പറയാനുള്ളത് പറഞ്ഞു. ഇനി നിങ്ങളുടെ ഇഷ്ടം പോലെ.'' ഇതും പറഞ്ഞ് അദ്ദേഹം തിരിച്ചു നടന്നു. പന്തവുമേന്തി വന്ന ഒരാൾക്കും പിന്നീട് ഒരടി മുന്നോട്ടുവെക്കാൻ ധൈര്യമുണ്ടായില്ല. ആ സംഭവത്തോടെ അവരുടെ ശല്യവും നിന്നു."

1979 മാർച്ചിൽ ആ പ്രദേശത്ത് ജമാ



ദാറുസ്സലാം സ്കൂൾ തായിക്കാട്ടുകര

**വിഭജനത്തിനുശേഷം മൗദൂദി ഒരിക്കലും ഇന്ത്യ സന്ദർശിച്ചിട്ടില്ല. 1974ൽ ദൽഹിയിൽ സംഘടിപ്പിക്കപ്പെട്ട ജമാഅത്തിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ പാകിസ്താൻ ഗവൺമെന്റ് അനുവാദം നൽകാതിരുന്നതിനാൽ അദ്ദേഹത്തിന് വരാൻ സാധിച്ചില്ല.**

അത്തിനോട് അനുഭാവം പുലർത്തുന്ന കുറച്ചാളുകളെ ചേർത്ത് ഹൽഖ രൂപവത്കരിച്ചു. അടുത്ത അധ്യയന വർഷം വീടിനോടു ചേർന്ന് ഒരു ഷെഡ്ഡ് കെട്ടി അവിടെ നഴ്സറി സ്കൂളും ആരംഭിച്ചു. പിന്നീട് '79 അവസാനത്തിലാണ് നൂറുൽ ഇസ്‌ലാം ട്രസ്റ്റ് രൂപവത്കരിക്കുന്നത്. ട്രസ്റ്റിനു കീഴിൽ സ്ഥലം വാങ്ങുന്നതിനായി അന്നത്തെ അമീറായിരുന്ന കെ.സി അബ്ദുല്ല മൗലവി മാരേക്കാട് ഹംസയെ ഖത്തറിലേക്ക് ഫണ്ട് ശേഖരിക്കുന്നതിനായി അയച്ചു. അന്ന് ഖത്തറിലുണ്ടായിരുന്ന വി.കെ അലി സാഹിബ്, സലീംമൗലവി, ജലാലുദ്ദീൻ, റഷീദ് മുഹമ്മദ് പറവൂർ എന്നിവർ മുൻകൈയെടുത്ത് ശേഖരിച്ച പണം കൊണ്ടാണ് ഇന്ന് സ്ഥാപനം നിൽക്കുന്ന സ്ഥലം വാങ്ങുന്നത്.

ട്രസ്റ്റിനുവേണ്ടി വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുന്നതിന് വാടാനപ്പള്ളിയിലെ കുഞ്ഞുമൊയ്തീൻകുട്ടി മൗലവിയെ സമീപിച്ചു. അദ്ദേഹം ദുബൈയിലുള്ള ശൈഖ് അലിസാലിമുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിച്ചു. അങ്ങനെ കോളേജിന്റെ ആദ്യനില പണിയാനുള്ള പണം അദ്ദേഹം തന്നു.

ഒരിക്കൽ ട്രസ്റ്റ് യോഗത്തിൽ ഇസ്‌ലാമിയാ കോളേജ് തുടങ്ങുന്നതിനെക്കുറിച്ച് ചർച്ച വന്നു. യോഗത്തിൽ വെച്ച് സ്ഥാപനം തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തു. 1984 ൽ ആൺകുട്ടികളും പെൺകുട്ടികളുമുൾപ്പെടെ പതിനേഴ് പേരെ സംഘടിപ്പിച്ച് ഇസ്‌ലാമിയാ കോളേജ് തുടങ്ങി. 1993ലാണ് അത് വാടാനപ്പള്ളിക്കു കീഴിലുള്ള വനിതാ ഇസ്‌ലാമിയാ കോളേജായി മാറുന്നത്.

നൂറുൽ ഇസ്‌ലാം ട്രസ്റ്റിന്റെ രൂപവത്കരണം മുതൽക്കുതന്നെ അവരുമായി ഞാൻ അടുത്ത ബന്ധം പുലർത്തിയിരുന്നു. അന്ന് എറണാകുളം ജില്ലയുടെ ഉത്തരവാദിത്വമുണ്ടായിരുന്നതിനാൽ അതിന്റെ ഔദ്യോഗികമായ എല്ലാ യോഗങ്ങളിലും പങ്കെടുത്തിരുന്നു. ■

(തുടരും)

rashadaluva@gmail.com